# Desabhimani

## 19 July 2018

## Trikakara, Tutiyoor Kari, Kalady, Flood, Heavy Rain, Houses Under Water

# തുതിയൂർ കരിയിൽ 16 വീടുകൾ വെള്ളത്തിൽ

**തൃക്കാക്കര**

തൃക്കാക്കര നഗരസഭാ പ്രദേശത്തെ തുതിയൂർ കരിയിൽ പ്രദേശത്തെ 16 വീടുകളിൽ വെള്ളംകയറി. എട്ട് കുട്ടികളും 19 സ്ത്രീകളും ഉൾപ്പെടെ 40 പേരെ തുതിയൂർ സെന്റ് മേരീസ് എൽപി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലേക്കു മാറ്റി. സിപിഐ എം തൃക്കാക്കര വെസ്റ്റ് ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തി. ആറടിയോളം വെള്ളമാണ് കയറിയത്. ആളുകൾക്ക് പുറത്തിറങ്ങാൻപറ്റാത്ത സാഹചര്യമായിരുന്നു. ഇവർക്കാവശ്യമായ ഭക്ഷണം വാഴക്കാല വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ എത്തിക്കുന്നുണ്ട്. ലോക്കൽ സെക്രട്ടറി എൻ പി ഷൺമുഖൻ, നഗരസഭാ കൗൺസിലർ കെ എ നജീബ് എന്നിവരുടെ നേതൃത്വത്തിൽ പുതപ്പ് തുടങ്ങിയവയും എത്തിച്ചിട്ടുണ്ട്.

തുതിയൂരിലെ ദുരിതാശ്വാസ ക്യാമ്പ് അയ്യനാട് ബാങ്ക് പ്രസിഡന്റ് അഡ്വ. കെ ആർ ജയചന്ദ്രൻ സന്ദർശിച്ചു. ഇവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം എന്നിവ ഡിവൈഎഫ്ഐ, മഹിളാ അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ എത്തിക്കുമെന്ന് ജയചന്ദ്രൻ പറഞ്ഞു. കെ സുരേന്ദ്രൻ, കെ എം ഷെമീർ എന്നിവരും ഉണ്ടായിരുന്നു.

### മൂവാറ്റുപുഴയിൽ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ

മൂവാറ്റുപുഴയാറിൽ ജലനിരപ്പുയർന്നതോടെ നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും താഴ്ന്ന പ്രദേശങ്ങൾ വീണ്ടും വെള്ളത്തിനടിയിലായി.

നഗരത്തിലെ വീടുകളിൽ വെള്ളം കയറിയിറങ്ങിയതിനെ തുടർന്ന് വൃത്തിയാക്കി താമസം തുടങ്ങാൻ കുടുംബങ്ങൾ തിരിച്ചെത്തിയപ്പോഴാണ് വീണ്ടും വെള്ളപ്പൊക്കം. ഇവരെ വീണ്ടും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. ഇതരസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളും വെള്ളത്തിലായി.

മൂവാറ്റുപുഴ കൊച്ചങ്ങാടി, എട്ടങ്ങാടി, സ്റ്റേഡിയം, മാർക്കറ്റ് റോഡ്, കാളച്ചന്ത, കാവുങ്കര, ഇലാഹിയ കോളനി, കടാതി ആനിക്കാക്കുടി കോളനി, പെരുമറ്റം കൂളുമാരി, വാലടിത്തണ്ട്, കടവുംപാടം, വെള്ളൂർക്കുന്നം ആനച്ചാൽ, എന്നിവിടങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിലാണ്.

ടൗൺ യുപി സ്കൂൾ, ബിആർസി സെന്റർ, സിപിഐ ഓഫിസ്, പെരുമറ്റം വി എം പബ്ലിക് സ്കൂൾ, വലിയുപ്പാപ്പ ആശുപത്രി, കടാതി എൻഎസ്എസ് ഹാൾ, കുര്യൻമല പകൽവീട്, മാറാടി പഞ്ചായത്തിന് സമീപം, ചിറയ്ക്കൽ മദ്രസ, മൂവാറ്റുപുഴ പേട്ട,കടവൂർ സ്കൂൾ, കെഎംഎൽപി സ്കൂൾ എന്നിവിടങ്ങളിലാണ് ദുരിതാശ്വാസക്യാമ്പുകളൊരുക്കിയത്.

വാളകം പഞ്ചായത്തിൽ കടാതി, റാക്കാട്, മേക്കടമ്പ്, പെരുവംമൂഴി, കുന്നയ്ക്കാൽ, ആവുണ്ട എന്നിവിടങ്ങളിലും മാറാടി പഞ്ചായത്തിലെ കായനാട്, മറ്റപ്പാടം, കായനാട് കവല, മണ്ണത്തൂർ കവല, കുരുക്കുന്നപുരം, നോർത്ത് മാറാടി എന്നിവിടങ്ങളിൽ പാടശേഖരങ്ങളും സമീപത്തെ കൃഷിയിടങ്ങളും വെള്ളത്തിനടിയിലായി. പഞ്ചായത്ത് ഓഫീസിന് സമീപത്തെ ചാലിൽ, ചാക്കുടി, തൈക്കാവ്, കായനാട്, മറ്റപ്പാടം ഭാഗങ്ങളിൽ കുടുംബങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിലാണ്. കായനാട് ശൂലംതോട് കരകവിഞ്ഞതിനാൽ കൃഷിയിടങ്ങളിൽ വെള്ളം കയറി. വാളകം പഞ്ചായത്തിൽ അമ്പതിലേറെ വീടുകളും മാറാടി പഞ്ചായത്തിൽ മുപ്പതോളം വീടുകളും വെള്ളപ്പൊക്ക ഭീഷണിയിലാണ്.

# കനത്ത മഴയിൽ വീട് തകർന്നു

**കാലടി**

കനത്ത മഴയിൽ വീട് തകർന്നു. കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം മാളിയേക്കൽ വറീതിന്റെ വീടാണ് ബുധനാഴ്ച രാവിലെ ഇടിഞ്ഞുവീണത്. ഓടിട്ട വീടിന്റെ അടുക്കളഭാഗം ഇടിഞ്ഞ് കിണറിലേക്ക് വീണു. അടുക്കളയിൽ പാചകം ചെയ്യുകയായിരുന്ന വറീതിന്റെ ഭാര്യ മേരി പുറത്തേക്കോടി രക്ഷപ്പെട്ടു.

കാഞ്ഞൂർ പഞ്ചായത്തിൽ പ്രകൃതിക്ഷോഭംമൂലം തകർന്ന നാല് വീടുകളും പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ചുനൽകണമെന്ന് സിപിഐ എം കാഞ്ഞൂർ ലോക്കൽ കമ്മിറ്റി ആവശ്യപ്പെട്ടു.



തകർന്ന വീടിനു മുന്നിൽ മാളിയേക്കൽ വറീതും കുടുംബവും



മഴയിൽ തകർന്ന അല്ലപ്ര ചിയാടി വേലായുധന്റെ വീട്



ദേശാഭിമാനി ജീവനക്കാരൻ പ്രമോദിന്റെ വീടിനു മുകളിൽ മരംവീണപ്പോൾ